ഭരണ ഭാഷ-മാതൃഭാഷ

WEC 2-9180/2021

വനിതാ ശിശു വികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം
തീയതി: 20/07/2021
ഇമെയിൽ:directorate.wcd@kerala.gov.in
ഫോൺ നം. 0471-2346534

## സർക്കുലർ

വിഷയം:- വനിതാ ശിശു വികസന വകുപ്പ്- വനിതാ ശാക്തീകരണം- Gender Awareness-IEC ക്യാമ്പയിൻ-സ്ത്രീധനം, ഗാർഹിക പീഢനങ്ങൾ ഇവയ്ക്കെതിരെയുള്ള ബോധ വൽക്കരണം- പോസ്റ്ററുകളും കാർഡുകളും അച്ചടിച്ച് വിതരണം ചെയ്യുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്

സൂചന:-1. വനിതാ ശിശു വികസന വകുപ്പ് ഡയറക്ടറുടെ 29/06/2021 ലെ WEC 2/9180/2021 നം. ഉത്തരവ്
2. വനിതാ ശിശു വികസന വകുപ്പ് ഡയറക്ടറുടെ 09/07/2021 ലെ WEC 2/9180/2021 നം. ഉത്തരവ്

സ്ത്രീകൾക്ക് നേരെ സമീപ കാലങ്ങളിൽ വർദ്ധിച്ചു വരുന്ന സ്ത്രീധന പീഡങ്ങൾ/ഗാർഹിക പീഡനങ്ങൾ, ഇവയെ തുടർന്നുണ്ടാകുന്ന മരണങ്ങൾ എന്നിവ തടയേണ്ടതും, ഇവയ്ക്കെതിരെ അവബോധം സൃഷ്ടിച്ച് ലിംഗ സമത്വത്തിന് ഊന്നൽ നൽകുന്ന ഒരു പൊതു സമൂഹത്തെ വാർത്തെടുക്കേണ്ടതും അത്യാവശ്യമായിരിക്കുന്നു. ഈ സാഹചര്യത്തിൽ വനിതാ ശിശു വികസന വകുപ്പ് സ്ത്രീ സുരക്ഷാ പദ്ധതികളെക്കുറിച്ചും സ്ത്രീധന-ഗാർഹിക പീഡനങ്ങൾക്കെതിരായും കാർഡുകളും പോസ്റ്ററുകളും അച്ചടിച്ച് വിതരണം ചെയ്യുകയും, ദൃശ്യ-ശ്രാവ്യ-സമൂഹ മാധ്യമങ്ങളിലൂടെ വേണ്ടത്ര പരസ്യ പ്രചാരണങ്ങൾ നൽകുകയും, വിവിധ ക്യമ്പയിനുകൾ സംഘടിപ്പിച്ച് വരികയും ചെയ്യുന്നു.

IEC ക്യാമ്പയിന്റെ ഭാഗമായി 23/07/2021 ന് 6 മണിയ്ക്ക് ബഹു മുഖ്യമന്ത്രി വനിതാ ശിശു വികസന വകുപ്പിന്റെ 'കനൽ' ( 30 സെക്കന്റ് അനിമേഷൻ വീഡിയോ) ലോഗോ പ്രകാശനം ചെയ്യുന്നു. അതോടൊപ്പം വനിതാ ശിശു വികസന വകുപ്പ് ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്ന വിവിധ സത്രീ സുരക്ഷാ പദ്ധതികളെക്കുറിച്ചുള്ള ഹാൻഡ്ബുക്ക് പ്രകാശനവും സ്ത്രീപീഡനങ്ങൾക്കെതിരായി 181 മിത്ര പോസ്റ്റർ പ്രകാശനവും നടക്കുന്നു. കലണ്ടർ വലിപ്പത്തിലുള്ള മൾട്ടികളർ 181 മിത്ര പോസ്റ്റർ പ്രിന്റ് ചെയ്ത് വിതരണം ചെയ്യുന്നതിന് ക്വട്ടേഷൻ ക്ഷണിക്കാൻ ജില്ലാ വനിതാ ശിശു വികസ ഓഫീസർമാർക്ക് സൂചന പ്രകാരം നിർദ്ദേശം നൽകിയതിനൊപ്പം പോസ്റ്റർ ക്യാമ്പയിന്റെ കലണ്ടർ സൈസ് പോസ്റ്ററിന്റെ ഡിസൈനും പ്രിന്റബിൾ ഫോർമാറ്റിലുള്ള ഫയലും ഇമെയിൽ മുഖാന്തിരം നൽകിയിട്ടുണ്ട്.

ജില്ലയിലെ ഗ്രാമ/ബ്ലോക്ക് /ജില്ലാ പഞ്ചായത്തുകളിലെ പ്രധാനപ്പെട്ട മുഴുവൻ സർക്കാർ ഓഫീസുകളിലും പോസ്റ്റർ ക്യാമ്പയിൻ നടപ്പിൽ വരുത്തുന്നതിന് ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർ, പ്രോഗ്രാം ഓഫീസർമാർ, വനിതാ പ്രൊട്ടക്ഷൻ ഓഫീസർമാർ, സി.ഡി.പി.ഒമാർ, സൂപ്പർവൈസർമാർ, അങ്കണവാടി പ്രവർത്തകർ, തുടങ്ങി വകുപ്പിലെ എല്ലാ ഉദ്യോഗസ്ഥരും 23/07/2021 ന് 6 pm മുതൽ പ്രസ്തുത പ്രവർത്തനത്തിന്റെ ഭാഗമാകേണ്ടതാണ്. ചുവടെ ചേർത്തിരിക്കുന്ന ഓഫീസുകളിൽ/സ്ഥലങ്ങളിൽ നിർബന്ധമായും ടി ക്യാമ്പയിൻ നടത്തുന്നതിലേയ്ക്കാവശ്യമായ പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.

- പഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ/ ജില്ലാ പഞ്ചായത്ത്
- ശിശു വികസന പദ്ധതി ഓഫീസ്
- ജില്ലാ കളക്ടറേറ്റ്, താലൂക്കാഫീസ്, വില്ലേജോഫീസ്, ആർ.ഡി.ഒ ഓഫീസ്
- ജില്ലാ പ്ലാനിംഗ് ഓഫീസ്, ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ് പഞ്ചായത്ത്
- എസ്സ്.പി. ഓഫീസ്, ഡി.വൈ.എസ്.പി ഓഫീസ്, സി.ഐ ഓഫീസ്, പോലീസ് സ്റ്റേഷനുകൾ
- സബ് രജിസ്ട്രാർ ഓഫീസുകൾ
- കല്യാണ മണ്ഡപങ്ങൾ
- പൊതു സ്ഥലങ്ങൾ, കലാലയങ്ങൾ, കവലകൾ, ബസ്റ്റാന്റ്, റെയിൽ വേ സ്റ്റേഷനുകൾ, പൊതു വിതരണ കേന്ദ്രങ്ങൾ, ബിവറേജ് ഔട്ട് ലറ്റുകൾ

ജൂലൈ 23-ാം തീയതിയ്ക്ക് മുമ്പ് ജില്ലാ ഓഫീസർമാർ പോസ്റ്ററുകൾ സി.ഡി.പി.ഒ, WPO, PO എന്നിവർക്ക് കൈമാറേണ്ടതാണ്. പ്രോഗ്രാം ഓഫീസർമാർ പോസ്റ്ററുകൾ ശിശു വികസന പദ്ധതി ഓഫീസർമാർക്ക് ലഭ്യമായിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. അച്ചടിച്ച് വിതരണം നടത്തിയ മുഴുവൻ പോസ്റ്ററുകളും പതിച്ചെന്ന് പ്രോഗ്രാം ഓഫീസർ, ജില്ലാ ഓഫീസറെ അറിയിക്കേണ്ടതാണ്. WPO മുഖേന പതിച്ച പോസ്റ്ററുകളുടെ വിശദാംശം WPO മാർ ജില്ലാ വനിതാ ശിശു വികസന ഓഫീസർമാരെ അറിയിക്കേണ്ടതാണ്. പ്രോഗ്രാം ഓഫീസർ, WPO എന്നിവരിൽ നിന്നും പോസ്റ്റർ ഒട്ടിച്ചതിന്റെ എണ്ണം, ഓഫീസ്, സ്ഥലം എന്നിവ ലഭ്യമാക്കി ക്രോഡീകരിച്ച് ജില്ലാ വനിതാ ശിശു വികസന ഓഫീസർ ഈ കാര്യാലയത്തിൽ wcdwec@gmail.com എന്ന ഇമെയിൽ വിലാസത്തിലേയ്ക്ക് അയച്ചു തരേണ്ടതാണ്. പോസ്റ്റർ ക്യാമ്പയിന്റെ മേൽനോട്ടം അതത് ജില്ലാ ഓഫീസർമാർക്കായിരിക്കും

- ഓരോ ഉദ്യോഗസ്ഥരും അവരുടെ പരിധിയിലുള്ള ഓഫീസ് മേധാവികൾക്ക് പോസ്റ്റർ കൈമാറേണ്ടതും, ടി ഓഫീസിലെ ജീവനക്കാരുടെ സാന്നിദ്ധ്യത്തിൽ പോസ്റ്റർ പതിക്കേണ്ടതുമാണ്.
- ബഹു മുഖ്യമന്ത്രി പ്രകാശനം ചെയ്യുന്ന ലോഗോ, 30 സെക്കന്റ് അനിമേഷൻ വീഡിയോ സെലിബ്രറ്റിൾ/രാഷ്ട്രീയ/സാമൂഹ്യ/ സാംസ്കാരിക രംഗങ്ങളിൽ പ്രവർത്തിക്കുന്നവരെ ഉപയോഗപ്പെടുത്തി സോഷ്യൽമീഡിയ വഴി മാക്സിമം ഷെയർ ചെയ്യേണ്ടത് പ്രോഗ്രാം ഓഫീസർമാരുടെ ചുമതലയാണ്. ജില്ലാ തലത്തിലെ എല്ലാ ഓഫീസുകളിലും പോസ്റ്റർ പതിക്കേണ്ട ഉത്തരവാദിത്തവും പ്രോഗ്രാം ഓഫീസർക്കാണ്.
- വനിതാ പ്രൊട്ടക്ഷൻ ഓഫീസർമാർ, OSC, ഉജ്ജ്വല, സ്വാധാർ, ഷെൽട്ടർ ഹോം എന്നിവിടങ്ങളിൽ പോസ്റ്റർ പതിപ്പിക്കേണ്ടതും, ലോഗോ പരമാവധി ഷെയർ ചെയ്യേണ്ടതുമാണ്.
- ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർ കളക്ടർക്ക് നേരിട്ട് പോസ്റ്റർ കൈമാറേണ്ടതും കളക്ടറുടെ ഫെയിസ് ബുക്ക് പേജ് വഴി ലോഗോ 30 സെക്കന്റ് അനിമേഷൻ വീഡിയോ പരമാവധി ഷെയർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.
- എല്ലാ ക്ഷേമ സ്ഥാപനങ്ങളിലും, ജില്ലകളിൽ പ്രവർത്തിക്കുന്ന NGO കളിലും പോസ്റ്റർ പതിപ്പിക്കുന്നതിന്റെയും ലോഗോ വീഡിയോ പ്രചരിപ്പിക്കുന്നതിന്റെയും ഉത്തരവാദിത്തം ജില്ലാ ഓഫീസർമാർക്കാണ്.

- NCC, NSS, College Union എന്നിവർ മുഖേന കോളേജ് വിദ്യാർത്ഥികൾക്കിടയിൽ ലോഗോ അനിമേഷൻ വീഡിയോ പരമാവധി ഷെയർ ചെയ്യുന്നതിനും,പോസ്റ്റർ ക്യാമ്പയിനിൽ അണിചേർക്കുന്നതിനും MSK ടീമിനെ ജില്ലാ വനിതാ ശിശു വികസന ഓഫീസർ ചുമതലപ്പെടുത്തേണ്ടതാണ്.
- പോസ്റ്റർ ക്യാമ്പയിന്റെ വിവരം തദ്ദേശ സ്വയം ഭരണ സ്ഥാപന മേധാവികളെ നേരിൽ കണ്ട് പരിപാടിയിൽ പങ്കെടുക്കാനും പരിപാടി വിശദീകരിച്ച് കൊടുക്കാനും സി.ഡി.പി.ഒ മാർ ശ്രദ്ധിക്കേണ്ടതാണ്.
- ഓരോ ഓഫീസിലും പ്രദർശിപ്പിക്കുന്ന പോസ്റ്ററുകൾ പൊതു ജനങ്ങൾക്ക് കാണത്തക്ക വിധത്തിലാണെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.
- പോസ്റ്റർ പതിക്കാൻ നിർദ്ദേശിച്ച ഓഫീസുകളിൽ/ സ്ഥലങ്ങളിൽ പോസ്റ്റർ പതിപ്പിക്കുന്നതിന്റെ ഫോട്ടോയും പോസ്റ്റർ ഒട്ടിച്ച ശേഷമുള്ള ഫോട്ടോയും ആ ഓഫീസിലേയ്ക്ക് നിയോഗിച്ച ഉദ്യോഗസ്ഥൻ മൊബൈൽ ഫോണിലെങ്കിലും എടുത്തിട്ടുണ്ടെന്ന് ഉറപ്പ വരുത്തേണ്ടതാണ്.
- മറ്റ് ഓഫീസുകളിലേയ്ക്ക്/സ്ഥലങ്ങളിലേയ്ക്ക് നിയോഗിച്ചിട്ടുള്ള ഓദ്യോഗസ്ഥർ പോസ്റ്ററുമായി അര മണിക്കൂർ മുമ്പെങ്കിലും ടി ഓഫീസുകളിൽ/സ്ഥലങ്ങളിൽ എത്തേണ്ടതാണ്. ഇങ്ങനെ എത്തുന്നത് ടി പോസ്റ്ററുകൾ പ്രദർശിപ്പിക്കാൻ ഉചിതമായ സ്ഥലം കണ്ടെത്തുന്നതിന് സഹായകരമാകും.
- 23/07/2021 ന് DWCDO, WPO, PO എന്നിവരുടെ നേതൃത്വത്തിൽ ക്യാമ്പയിന്റെ ഭാഗമായി പ്രത്യേക പരിപാടികൾ ജില്ലകളിൽ സംഘടിപ്പിക്കേണ്ടതാണ് (ഉദാ:-DV അദാലത്ത്, ഗ്രാമസഭ മീറ്റ് etc..

വനിതാ ശിശു വികസന ഡയറക്ടർക്ക് വേണ്ടി

പകർപ്പ്

1. എല്ലാ ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർക്കും
2. എല്ലാ പ്രോഗ്രാം ഓഫീസർമാക്കും
3. എല്ലാ WPO മാർക്കും
4. എല്ലാ വനിതാ ശിശു വികസന ഓഫീസർമാർക്കും